"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.അബ്ദുള്ള.എം.എൻ., കൺസൾട്ടന്റ് (ഓർത്തോപീഡിക് സർജറി) - സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2314/2025/H&FWD തീയതി,തിരുവനന്തപുരം, 12-08-2025

---

പരാമർശം:-

1. ഡോ.അബ്ദുള്ള.എം.എൻ., കൺസൾട്ടന്റ് (ഓർത്തോപീഡിക് സർജറി) സമർപ്പിച്ച 27.01.2025 തീയതിയായ അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 01.07.2025-ലെ DHS/13675/2025-EB3 നമ്പർ കത്ത്.
3. ഡോ.അബ്ദുള്ള.എം.എൻ., കൺസൾട്ടന്റ് (ഓർത്തോപീഡിക് സർജറി) സമർപ്പിച്ച 04.07.2025 തീയതിയായ അപേക്ഷ.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 19.07.2025 തീയതിയിലെ DHS/13675/2025-EB3 നമ്പർ കത്ത്.

**ഉത്തരവ്**

മഞ്ചേരി ജനറൽ ആശുപത്രിയിലെ ഓർത്തോ വിഭാഗം കൺസൾട്ടന്റ് ഡോ.അബ്ദുള്ള എം.എൻ. 01.05.2025 പൂർവ്വാഹ്നം പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സ്വയം വിരമിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയും, പ്രസ്തുത അപേക്ഷ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ ഡോ.അബ്ദുള്ള എം.എൻ. മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ചില സ്വകാര്യ വിഷയങ്ങൾ കാരണമാണ് സ്വയം വിരമിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നതെന്നും, എന്നാൽ നിലവിൽ സർവ്വീസിൽ തുടർന്നു ജോലി ചെയ്യുവാൻ ആഗ്രഹമുള്ളതിനാൽ സർവ്വീസിൽ തിരികെ പ്രവേശിക്കുവാൻ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 01.05.2025 പൂർവ്വാഹ്നം പ്രാബല്യത്തിൽ സ്വയം വിരമിക്കലിനായി അപേക്ഷ നൽകി, ടി തീയതി മുതൽ സർവ്വീസിൽ നിന്നും വിടുതൽ ചെയ്യപ്പെട്ട ഓർത്തോപീഡിക് സർജറി വിഭാഗം കൺസൾട്ടന്റ് ഡോ.അബ്ദുള്ള.എം.എൻ.-നെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) കത്ത് പ്രകാരം

ഒഴിവ് റിപ്പോർട്ട് ചെയ്ത മഞ്ചേരി ജനറൽ ആശുപത്രിയിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം.
ഡോ.അബ്ദുള്ള.എം.എൻ., കൺസൾട്ടന്റ് (ഓർത്തോപീഡിക് സർജറി) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ (എ2/385/2025-ഹെൽത്ത്)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 12-08-2025 16:57:43

<u>മേലെഴുത്ത് കത്ത് നം. **DHS/13675/2025-EB3 dt 14-08-2025**</u>

സർക്കാർ ഉത്തരവിൻറെ പകർപ്പ് അറിവിലേക്കും അനന്തരനടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 14-08-2025 11:16:34

ആരോഗ്യവകുപ്പ് ഡയറക്ടർ